**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2977** **03-08-2021 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിൽ മിനി സ്റ്റേഡിയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **Shri.V. Abdurahiman**<br>**(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | വളരുന്ന തലമുറകളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനും കായികമത്സരങ്ങൾ പരിപോഷിപ്പിക്കുന്നതിനും പഞ്ചായത്തുകളിൽ കളിസ്ഥലങ്ങളും, മിനി സ്റ്റേഡിയങ്ങളും നിർമ്മിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന പദ്ധതിയുടെ പ്രാരംഭ ഘട്ടം കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന 14 ജില്ലാ സ്റ്റേഡിയങ്ങളുടെയും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും നിർമ്മാണം പുരോഗമിച്ചു വരികയാണ്. ഇതിൽ 4 സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാംഘട്ട നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 സ്റ്റേഡിയങ്ങളുടെ വിവിധ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത വിവര ശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയം/ കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കോങ്ങാട് മണ്ഡലത്തിലെ കാരാകുറുശ്ശി, തച്ചമ്പാറ, കാഞ്ഞിരപ്പുഴ എന്നീ പഞ്ചായത്തുകളിൽ ലഭ്യമായ സ്ഥലങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ